

# കുടുംബശ്രീ ഐടി 'ഉന്നതി' ഉയരങ്ങളിൽ

**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



സ്ത്രീകൾക്ക് മികച്ച വരുമാനം നേടിക്കൊടുക്കുന്ന കുടുംബശ്രീയുടെ പ്രധാന ഇടപെടലുകളിൽ ഒന്നാണ് ഐടി മേഖലയിലെ 'കുടുംബശ്രീ ഉന്നതി.' സിവിൽ സപ്ലൈസ് വകുപ്പിനായി റേഷൻ കാർഡ് തയാറാക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചിട്ടയോടെ ചെയ്തത് 'ഉന്നതി'യാണ്. പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ 12 ലക്ഷം റെക്കോർഡുകൾ തയാറാക്കിയതും വിവിധ കോർപറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും ജനനമരണ ഡേറ്റ എൻട്രി നടത്തിയതും 2009 ലെ ബിപിഎൽ സർവേയുടെ ഭാഗമായി 67 ലക്ഷം കുടുംബങ്ങളുടെ ഡേറ്റ പ്രോസസിങ് നടത്തിയതും എടുത്തു പറയത്തക്ക 'ഉന്നതി' പ്രവർത്തനങ്ങളിൽ ചിലതു മാത്രം. ഉന്നതി കൺസോർഷ്യം സർവീസ് ടാക്സ് ഇനത്തിൽ ഇതിനോടകം അടച്ചത് 4 കോടി രൂപയാണെന്ന് ഓർക്കുക. തിരുവനന്തപുരം കോർപറേഷനിൽ 1999ൽ ആണ് കുടുംബശ്രീയുടെ ആദ്യ ഐടി യൂണിറ്റ് ആരംഭിക്കുന്നത്. ഡേറ്റ പ്രോസസിങ് നടത്തുന്ന കുടുംബശ്രീ ഐടി സംരംഭങ്ങളെല്ലാം ചേർത്ത് ഒരു കുടക്കീഴിലാക്കി 'ഉന്നതി' എന്ന പേരിൽ കൺസോർഷ്യം രൂപീകരിച്ചു. തൃശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ കൺസോർഷ്യത്തെ നയിക്കുന്നത് കോഴിക്കോട് ജില്ലയിൽനിന്നുള്ള വിജയ പ്രസിഡന്റ്. എറണാകുളത്തുനിന്നുള്ള നിമ്മി ജെറോം (വൈസ് പ്രസിഡന്റ്), പാലക്കാട് ജില്ലയിൽനിന്നുള്ള സുജ.പി (സെക്രട്ടറി) എന്നിവരാണ്. വിവിധ ജില്ലകളിലായി 64 ഡേറ്റ പ്രോസസിങ് യൂണിറ്റുകളും മൂന്ന് ഹാർഡ് വെയർ യൂണിറ്റുകളും ഉന്നതിക്കുണ്ട്. 420 പേർ ഇത്തരം യൂണിറ്റുകളുടെ ഭാഗമാണ്. ഇവർക്കു മാസം ഏതാണ്ട് 10,000 രൂപ വരുമാനവും ലഭിക്കുന്നു. വേറെ 2000ത്തോളം പേർക്ക് തൊഴിലും നൽകുന്നു. പ്ലസ്ടു വിദ്യാഭ്യാസവും കംപ്യൂട്ടർ ആപ്ലിക്കേഷനിൽ സർട്ടിഫിക്കറ്റ് കോഴ്സോ ഡിപ്ലോമയോ പൂർത്തിയാക്കുകയും ചെയ്ത അയൽക്കൂട്ടാംഗങ്ങളാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിലായുള്ള ഉന്നതി ഐടി യൂണിറ്റുകളിലൂടെ ഉപജീവനം കണ്ടെത്തുന്നത്. ഡേറ്റ പ്രോസസിങ്, ഡേറ്റ എൻട്രി, ഡിടിപി, ചെറിയതോതിൽ സോഫ്ട് വെയർ ഡവലപ്മെന്റ്, വെബ്സൈറ്റ് ഡിസൈനിങ്, ഹോസ്റ്റിങ് എന്നിങ്ങനെ ഐടിയുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രവർത്തനങ്ങളാണ് ഈ യൂണിറ്റുകൾ ചെയ്യുന്നത്. ഇത്തരം ബാഹുല്യമേറിയ പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾക്ക് മികച്ച വരുമാനം നേടിക്കൊടുക്കുന്ന കുടുംബശ്രീയുടെ പ്രധാന ഇടപെടലുകളിലൊന്നാണ് ഉന്നതി ഐടി യൂണിറ്റുകൾ.